

WEDNESDAY 08-02-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–08/02/2023.

1. കൃഷി വകുപ്പ് നടത്തുന്ന വൈഗ 2023 അന്താരാഷ്ട്ര ശില്പശാലയും കാർഷിക പ്രദർശനവും ഫെബ്രുവരി 25 മുതൽ മാർച്ച് 02 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ വച്ച് സംഘടിപ്പിക്കുന്നു.

വൈഗ 2023ൽ ഉല്പാദക-സംരഭക മീറ്റിന്റെ (B2B മീറ്റ്) രജിസ്ട്രേഷൻ ഫെബ്രുവരി 8 വരെ. 2023 ഫെബ്രുവരി 28 ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന വൈഗ B2B മീറ്റിൽ പങ്കെടുക്കുന്നതിന് കർഷകഗ്രൂപ്പുകൾ, കാർഷിക ഉല്പാദന സംഘടനകൾ (FPO), കൃഷി അനുബന്ധ മൈക്രോ സ്മാൾ മീഡിയം സംരംഭങ്ങൾ, എക്സ്പോർട്ടേർസ്, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവർക്ക് www.vaigakerala.com എന്ന വെബ്സൈറ്റ് വഴിസൗജന്യമായി രജിസ്റ്റർ ചെയ്യാം. കാർഷിക മൂല്യവർദ്ധിതഉൽപന്നങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ അസംസ്കൃത ഉൽപന്നങ്ങളും, മൂല്യവർദ്ധിതഉൽപന്നങ്ങളും വിൽക്കാനും വാങ്ങാനും ഉദ്ദേശിക്കുന്നഉത്പാദകരേയും ഉപഭോക്താക്കൾ/സംരഭകരേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇതുവഴി ലക്ഷ്യമിടുന്നു. ഇതിനായി അന്നേദിവസം വ്യക്തിഗതമീറ്റിംഗ് ക്രമപ്പെടുത്തിനടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9387877557, 9846831761 നമ്പറുകളിൽ ബന്ധപ്പെടുക.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം ഓഫീസിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ല യിലെ കളർകോട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ നിലയത്തിലേക്ക് കാഷ്വൽ പ്രൊഡക്ഷൻ അസി സ്റ്റന്റ് തസ്തികയിൽ 1075/- രൂപ ദിവസവേതന നിരക്കിൽ കരാർ നിയമനം നടത്തുന്നതിനുവേണ്ടി 09.03.2023 ന് വാക്-ഇൻ-ഇന്റർവ്യൂ ആലപ്പുഴ കളർകോട് കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ, വിത്തു പരി ശോധനാകേന്ദ്രത്തിൽ വച്ച് നടത്തുന്നു. ഒഴിവുകളുടെ എണ്ണം - 8 (കുട്ടനാട് റേഡിയോ നിലയത്തിൽ പരി പാടികൾ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും 15 കാഷ്വൽ പ്രൊഡക്ഷൻ അസിസ്റ്റന്റുമാരുടെ പാനൽ തയ്യാറാക്കുന്നതിലേക്ക് വാക്-ഇൻ-ഇന്റർവ്യൂ മുഖേനയും തെരെഞ്ഞടുക്കുന്നതാണ്.) യോഗ്യത ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദം. റേഡിയോ പരിപാടികൾ തയ്യാറാക്കുന്നതിലുള്ള പരിജ്ഞാനം/അവതരിപ്പിക്കാനുള്ള കഴിവ് തുടങ്ങിയവ ഉണ്ടായിരിക്കണം. വാണി സർട്ടിഫിക്കേറ്റുള്ളവർക്ക് മുൻഗണന. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന നിശ്ചിത യോഗ്യതകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉള്ള ഉദ്യോഗാർത്ഥികൾ 09/03/2023 ന് രാവിലെ 9 മണി മുതൽ 11 മണി വരെ നടക്കുന്ന സർട്ടിഫിക്കേറ്റ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. സർട്ടിഫിക്കേറ്റ് പരിശോധന സമയത്ത് എസ്.എസ്.എൽ.സി. ബുക്ക്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, എന്നിവ തെളിയിയ്ക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും ആയവയുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **ഫോൺ നം. 0471 –2318186**

3. പി എം കിസാൻ (പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി) 13-ാം ഗഡു ലഭിക്കുന്നതിന് ഗുണഭോക്താക്കൾ, ബാങ്ക് അക്കൗണ്ട് ആധാർ സീഡിംഗ്, ഇ കെ വൈ സി, പി എഫ് എം എസ് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫറിനായി ബാങ്ക് അക്കൗണ്ട് സജ്ജീകരിക്കുക തുടങ്ങിയവ നിർബന്ധമായും 2023 ഫെബ്രുവരി 10 നു മുൻപായി പൂർത്തീകരിക്കണമെന്ന് സ്റ്റേറ്റ് നോഡൽ ഓഫീസർ അറിയിച്ചു. ഈ നടപടികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ അടുത്തുള്ള പോസ്റ്റ് ഓഫീസ് സന്ദർശിച്ചു ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിലൂടെ പി എം കിസാൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാവുന്നതാണ്.

4. 2022-23 വർഷത്തെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഫാം പ്ലാൻ അധിഷ്ഠിത കാർഷിക വികസന പദ്ധതിയുടെ ഭാഗമായി, കർഷകർ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വില്പ്പകന നടത്തുന്നതിനായി "പ്രീമിയം സ്റ്റാളുകൾ" സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് ലക്ഷ്യമിടുന്നു. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ FPO കൾ, കുറഞ്ഞത് മൂന്നു വർഷം മാർക്കറ്റിങ് മേഖലയിൽ വൈദഗ്ധ്യമുള്ള സന്നദ്ധസംഘടനകൾ, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾ, പ്രാഥമിക സർവീസ് സഹകരണ സൊസൈറ്റികൾ, ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, തുടങ്ങിയവയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ 10/02/2023 നകം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ്. ഡയറക്ടർ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ 08.02.2023 മുതൽ

വിൽപ്പന ആരംഭിക്കുന്നതാണ്. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പറകകളിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2023 ഫെബ്രുവരി മാസം **14, 15 (14.02.2023, 15.02.2023) തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ 20, 21 (20.02.2023, 21.02.2023) തീയതികളിൽ മുട്ടക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 -2732918 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാല നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ് ആലപ്പുഴയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി മൂന്ന് ദിവസത്തെ 'കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടി' 2023 ഫെബ്രുവരി അവസാനവാരം നടത്തപ്പെടുന്നു കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ് തിരഞ്ഞെടുക്കപ്പെടുന്ന 15 കർഷകർക്ക് മാത്രമായി പരിശീലന പരിപാടി പരിമിതപ്പെടുത്തിയിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന യോഗ്യതയുള്ള കർഷകർ വിവരം ബന്ധപ്പെട്ട ചുമതലയുള്ള ഓഫീസറെ 9447506572 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്, 0477 2702245 എന്ന നമ്പരിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശൂർ ജില്ലയിലെ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രത്തിലും, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും മലപ്പുറം ജില്ലയിലെ തവനൂരിലുമുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും ഫെബ്രുവരി മൂന്നാം വാരം മുതൽ കൃത്യതാ കൃഷി, പോളിഹൗസ് നിർമ്മാണം, മഴമറ നിർമ്മാണം, പോളിഹൗസുകളിലെ വിള പരിപാലനം, തുള്ളി നന/സ്പ്രിംഗ്ലർ ജല സേചന സംവിധാനങ്ങൾ സ്ഥാപിക്കൽ, ട്രാക്ടർ, പവർ ടില്ലർ തുടങ്ങിയ കാർഷിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കൽ, മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ എന്നീ വിഷയങ്ങളിൽ 18 മുതൽ 50 വയസു

വരെ പ്രായമുള്ള സ്ത്രീകൾക്കായി സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 09:30 മുതൽ വൈകീട്ട് അഞ്ചു മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയ്യതി ഫെബ്രുവരി 10 (10/02/2023).കൂടുതൽ വിവരങ്ങൾക്ക് 7594899764, 0487 – 2370726 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം